9.30 AM]

II തിരുത്തിയ ഉത്തരം

നക്ഷത്ര ചിഹ്നമിട്ട 93-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, പതിമൂന്നാം കേരള നിയമസഭയുടെ പതിനാറാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ തൊണ്ണൂറ്റിമൂന്നിനു നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റുമെന്റ് ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

(സന്ദർശക ഗ്യാലറിയിലിരുന്ന് മുദ്രാവാക്യം വിളിച്ചവരെ സുരക്ഷാവിഭാഗം ജീവനക്കാർ പുറത്തേയ്ക്ക് പിടിച്ചുകൊണ്ടുപോകുകയും മുദ്രാവാക്യം വിളിച്ചതിൽ ഉൾപ്പെട്ടിരുന്ന കുട്ടിയെ സുരക്ഷാവിഭാഗം ജീവനക്കാർ മർദ്ദിച്ചുവെന്നാരോപിച്ച് പ്രതിപക്ഷാംഗങ്ങൾ സ്പീക്കറുടെ ഡയസിന് സമീപം വന്നുനിന്ന് ബഹളം വയ്ക്കുകയും ഇക്കാര്യം പരിശോധിക്കാമെന്ന് സ്പീക്കർ അറിയിച്ചതിനെത്തുടർന്ന് അവരവരുടെ സീറ്റുകളിലേയ്ക്ക് തിരികെ പോകുകയും ചെയ്തു.)

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, കുട്ടിയെ അടിക്കുകയാണ്. .....ബഹളം....

മി. സ്പീക്കർ: ആരാണ് അടിച്ചത്.....ബഹളം....അത് ചെയർ അന്വേഷിക്കാം. .....ബഹളം.... ചെയർ അന്വേഷിക്കാം. .....ബഹളം.... നിങ്ങൾ ഒരു കാര്യം മനസ്സിലാക്കണം. നിയമസഭാ ഗ്യാലറി വെളിയിൽനിന്നും വരുന്ന ആളുകൾക്ക് മുദ്രാവാക്യം വിളിക്കാനുള്ള വേദിയല്ല. ദയവായി അംഗങ്ങൾ ഇതിനെ പ്രോത്സാഹിപ്പിക്കരുത്. ഇത് തെറ്റായ നടപടിയാണ്. ഇത് നിയമസഭാ അംഗങ്ങൾക്കുള്ള വേദിയാണ്. വെളിയിൽനിന്നും വരുന്ന ആളുകൾക്ക് മുദ്രാവാക്യം വിളിക്കാനുള്ള വേദിയല്ല നിയമസഭ. ദയവുചെയ്ത് നിങ്ങൾ ഇതിനെ പ്രോത്സാഹിപ്പിക്കരുത്. ഇത് വളരെ മോശമാണ്. ബഹുമാനപ്പെട്ട അംഗങ്ങളെല്ലാവരും അവരവരുടെ സീറ്റുകളിൽ ഇരുന്നാൽ മാത്രമേ അടിയന്തരപ്രമേയം എടുക്കാൻ കഴിയുകയുള്ളൂ.

(പ്രതിപക്ഷാംഗങ്ങൾ അവരവരുടെ സീറ്റുകളിലേയ്ക്ക് തിരികെപ്പോയി)

III റൂളിംഗ്

മി. സ്പീക്കർ: സന്ദർശക ഗ്യാലറിയിലിരുന്ന് മുദ്രാവാക്യം വിളിക്കുന്ന രംഗം ക്യാമറകൾ പകർത്തിയിട്ടുണ്ട്. ഒരു കാരണവശാലും ഇത് മാധ്യമങ്ങൾ പ്രക്ഷേപണം ചെയ്യാൻ പാടില്ലെന്ന് ചെയർ റൂൾ ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly